www.a2zSubjects.com

Signature and Name of Invigilator

1. (Signature) ____________________

(Name) ____________________

2. (Signature) ____________________

(Name) ____________________

OMR Sheet No.: ..........................................
(To be filled by the Candidate)

Roll No. | | | | | | | | |
(In figures as per admission card)

Roll No. ____________________
(In words)

D 2 2 1 5

# PAPER - II
# MALAYALAM

Time : 1¼ hours] [Maximum Marks : 100

Number of Pages in this Booklet : 16

Number of Questions in this Booklet : 50

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the Test Booklet Number should be entered on the OMR Sheet and the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (1), (2), (3) and (4). You have to darken the circle as indicated below on the correct response against each item.
   **Example :** ① ② ● ④ where (3) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Booklet only.** If you mark your response at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means, such as change of response by scratching or using white fluid, you will render yourself liable to disqualification.
9. You have to return the original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are however, allowed to carry original question booklet and duplicate copy of OMR Sheet on conclusion of examination.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There are no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. इस पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी। पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए पुस्तिका पर लगी कागज की सील को फाड़ लें। खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं। दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें। इसके लिए आपको पाँच मिनट दिये जायेंगे। उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा।**
   (iii) इस जाँच के बाद प्रश्न-पुस्तिका का नंबर OMR पत्रक पर अंकित करें और OMR पत्रक का नंबर इस प्रश्न-पुस्तिका पर अंकित कर दें।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (1), (2), (3) तथा (4) दिये गये हैं। आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है।
   **उदाहरण :** ① ② ● ④ जबकि (3) सही उत्तर है।
5. प्रश्नों के उत्तर **केवल प्रश्न पुस्तिका के अन्दर दिये गये OMR पत्रक पर ही** अंकित करने हैं। यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिन्हांकित करते हैं, तो उसका मूल्यांकन नहीं होगा।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, जैसे कि अंकित किये गये उत्तर को मिटाना या सफेद स्याही से बदलना तो परीक्षा के लिये अयोग्य घोषित किये जा सकते हैं।
9. आपको परीक्षा समाप्त होने पर मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें। हालांकि आप परीक्षा समाप्ति पर मूल प्रश्न-पुस्तिका तथा OMR पत्रक की डुप्लीकेट प्रति अपने साथ ले जा सकते हैं।
10. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है।**
12. **गलत उत्तरों के लिए कोई नकारात्मक अंक नहीं हैं।**



www.a2zSubjects.com

www.a2zSubjects.com

# മലയാളം
## MALAYALAM
## PAPER - II

**Note :** This paper contains **fifty (50)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

**കുറിപ്പ് :** ഈ ചോദ്യക്കടലാസ്സിൽ **അമ്പത് (50)** ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട് (2)** മാർക്കു വീതം. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

**1.** ചേരുംപടി ചേർക്കുക.

| **പട്ടിക - I** | | **പട്ടിക - II** | |
|---|---|---|---|
| (a) | സംസകൃതജന്യവാദം | (i) | ഡോ. കുഞ്ചുണ്ണിരാജ |
| (b) | ഭാഷാമിശ്രവാദം | (ii) | കാൽഡ്വൽ |
| (c) | തമിഴിന്റെ ഉപഭാഷാവാദം | (iii) | കോവുണ്ണി നെടുങ്ങാടി |
| (d) | മൂലദ്രാവിഡത്തിന്റെ സ്വതന്ത്ര ശാഖാവാദം | (iv) | ഇളംകുളം കുഞ്ഞൻപിള്ള |
| | | (v) | ആറ്റൂർ കൃഷ്ണപ്പിഷാരടി |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (i) | (v) | (iv) | (ii) |
| (2) | (iii) | (iv) | (ii) | (v) |
| (3) | (ii) | (v) | (i) | (iii) |
| (4) | (v) | (ii) | (iv) | (i) |

**2.** പാട്ടിന്റെ ലക്ഷണത്തിൽ വൃത്തവിശേഷം സൂചിപ്പിക്കുന്നത് ?
(1) വസന്തതിലകം, ശാർദ്ദൂലവിക്രീഡിതം തുടങ്ങിയ വിശേഷവൃത്തങ്ങൾ
(2) ദ്രാവിഡവൃത്തങ്ങൾ മാത്രം ഉപയോഗിക്കണം
(3) സംസ്കൃതവൃത്തങ്ങളും ദ്രാവിഡവൃത്തങ്ങളും ഇടകലർത്തി ഉപയോഗിക്കണം
(4) നാടൻ പാട്ടുകളിലെ ഈരടികളുടെ വിശേഷപ്പെട്ട മട്ടുകൾ ഉപയോഗിക്കണം

**3.** "അന്നാർജ്ജിതേന മുതൽ കൊണ്ടു കടക്കവേണ്ടും
വാർദ്ധക്യമെന്നതൊരു വൻകടലുണ്ട് മുമ്പിൽ" - ഏതു കൃതി ?
(1) ഉണ്ണിയച്ചീചരിതം (2) ചന്ദ്രോത്സവം
(3) വാൽദേവസ്തവം (4) വൈശികതന്ത്രം

**4.** "പുതുമലർക്കാവിൽ വന്നെഴുമിളം കൊടികളും
കൊടികൾ പൂവിതളിൽ നിന്നുതിരുമപ്പൊടികളും" - ഇവിടെ വർണിക്കപ്പെടുന്ന സ്ഥലം:
(1) തിരുമരുതൂർ (2) തിരുനെല്ലി (3) പൊയിലം (4) മഹോദയപുരം

**5.** അഞ്ചുവണ്ണം മണിഗ്രാമം - ഇവയെക്കുറിച്ച് പരാമർശമുള്ള പ്രാചീനകൃതി:
(1) തിരുനിഴൽമാല (2) ഉണ്ണിച്ചിരുതേവീചരിതം
(3) അംബരീഷോപാഖ്യാനം (4) പയ്യന്നൂർപാട്ട്



www.a2zSubjects.com

www.a2zSubjects.com

**6.** ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | ചുവടുവെയ്പ്പും പാട്ടും | (i) | കുത്തിയോട്ടം |
| (b) | നാലുപാദം, പാന, കളി | (ii) | അടിച്ചുതുറപ്പാട്ട് |
| (c) | ഭദ്രകാളീക്ഷേത്രങ്ങളും കെട്ടുകല്യാണവും | (iii) | യാത്രക്കളിപ്പാട്ട് |
| (d) | പാണന്മാർ | (iv) | ബ്രാഹ്മണിപ്പാട്ട് |
| | | (v) | തുയിലുണർത്തുപാട്ട് |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iii) | (i) | (ii) | (v) |
| (2) | (iv) | (ii) | (i) | (iii) |
| (3) | (i) | (ii) | (iii) | (iv) |
| (4) | (i) | (iii) | (iv) | (v) |

**7.** കോട്ടയം ചെപ്പേടുകൾ എന്നറിയപ്പെടുന്ന ശാസനങ്ങൾ:
(1) വീരരാഘവപട്ടയവും തരിസാപ്പള്ളി ശാസനവും
(2) ജൂതശാസനവും ആറ്റൂർ ശാസനവും
(3) മാമ്പള്ളിശാസനവും ജൂതശാസനവും
(4) ജൂതശാസനവും വീരരാഘവപട്ടയവും

**8.** ക്രമദീപിക ചർച്ച ചെയ്യുന്നത്:
(1) സംസ്കൃതനാടകങ്ങളിലെ വാക്യക്രമം (2) കാവ്യങ്ങളിലെ വൃത്ത ക്രമം
(3) സംസ്കൃതനാടകാഭിനയത്തിന്റെ നടക്രമം (4) കഥകളിയുടെ വാദ്യപ്രയോഗക്രമം

**9.** വിഭക്ത്യന്ത സംസ്കൃതപദങ്ങൾ ഇല്ലാത്ത ഭാഷയെ ലീലാതിലകകാരൻ ഏതു ഗണത്തിൽ പെടുത്തുന്നു ?
(1) ഭാഷാമിശ്രം (2) മണിപ്രവാളം (3) നമ്പ്യാന്തമിഴ് (4) പച്ചമലയാളം

**10.** എഴുത്തച്ഛൻ ധാരാളമായി ഉപയോഗിച്ച വൃത്തങ്ങൾ:
(1) കാകളി, കേക, കളകാഞ്ചി, നതോന്നത (2) കാകളി, കളകാഞ്ചി, കേക, അന്നനട
(3) കേക, കളകാഞ്ചി, വംശസ്ഥ, അന്നനട (4) കേക, കാകളി, മല്ലിക, കളകാഞ്ചി

**11.** "അഞ്ജനശ്രീധര ചാരുമൂർത്തേ കൃഷ്ണ
അഞ്ജലി കൂപ്പി വണങ്ങിടുന്നേൻ" - ആരുടെ വരികൾ ?
(1) പൂന്താനം (2) ചെറുശ്ശേരി (3) എഴുത്തച്ഛൻ (4) രാമപുരത്തു വാര്യർ

**12.** ഒറ്റക്കല്ലിങ്ങോടി വന്നു മുഖമണ്ഡപം ഭവിച്ചു
മറ്റൊന്നിതിൽപ്പരം മന്നർക്കാജ്ഞ കൊണ്ടാമോ? - ഏതു രാജാവിന്റെ പ്രശസ്തിയാണ് ഈ വരികളിൽ പ്രകടമാവുന്നത് ?
(1) മാനവിക്രമൻ രാജ (2) ധർമ്മരാജ
(3) മാർത്താണ്ഡവർമ്മ (4) ശക്തൻ തമ്പുരാൻ



www.a2zSubjects.com

www.a2zSubjects.com

**13.** പറയൻ തുള്ളലിൽ കുഞ്ചൻ നമ്പ്യാർ പ്രധാനമായും ഉപയോഗിച്ച വൃത്തം:

(1) മല്ലിക (2) തരംഗിണി (3) കാകളി (4) സ്വാഗത

**14.** **കാര്യം** : മിഷണറിഗദ്യം ആധുനികഗദ്യത്തിന്റെ മാതൃകയായി കണക്കാക്കാം.

**കാരണം** : (a) വാമൊഴിയോടു ചേർന്നു പോകുന്ന വരമൊഴിയുടെ പ്രതിപാദനം.

(b) പറയുന്നതിന്റെ ഭംഗിയെക്കാൾ കാവ്യത്തിന്റെ വ്യക്തതയിലും കൃത്യതയിലുമുള്ള ശ്രദ്ധ.

(c) വൈദേശികാശയങ്ങൾ പ്രതിപാദിക്കുന്നു.

(1) കാര്യം ശരി, കാരണം (a) ഉം (b) ഉം ശരി

(2) കാര്യവും കാരണം (a) ഉം ശരി

(3) കാര്യം മാത്രം ശരി, കാരണങ്ങൾ എല്ലാം തെറ്റ്

(4) കാര്യം ശരി, കാരണങ്ങൾ എല്ലാം ശരി

**15.** ശരിയായ കാലക്രമം ഏത് ?

(1) വേദതർക്കം, സംക്ഷേപവേദാർത്ഥം, ഉദയംപേരൂർ സുനഹദോസ്, വർത്തമാനപ്പുസ്തകം

(2) ഉദയംപേരൂർ സുനഹദോസ്, വേദതർക്കം, സംക്ഷേപവേദാർത്ഥം, വർത്തമാനപ്പുസ്തകം.

(3) സംക്ഷേപവേദാർത്ഥം, വേദതർക്കം, വർത്തമാനപ്പുസ്തകം, ഉദയംപേരൂർ സുനഹദോസ്

(4) ഉദയംപേരൂർ സുനഹദോസ്, വർത്തമാനപ്പുസ്തകം, സംക്ഷേപവേദാർത്ഥം, വേദതർക്കം

**16.** ചേരുംപടി ചേർക്കുക.

| **പട്ടിക - I** | **പട്ടിക - II** |
|---|---|
| (a) മലയാളം-പോർട്ടുഗീസ് നിഘണ്ടു | (i) റിച്ചാർഡ്സ് കോളിൻസ് |
| (b) മലയാളം-ഇംഗ്ലീഷ് നിഘണ്ടു | (ii) വാലെന്റിനി മാൻഫ്രെദി |
| (c) മലയാളം-മലയാളം നിഘണ്ടു | (iii) ബഞ്ചമിൻ ബെയ്‌ലി |
| (d) ലത്തീൻ-മലയാളം-ലത്തീൻ നിഘണ്ടു | (iv) അർണോസു പാതിരി |
| | (v) റോബർട്ട് ഡ്രമണ്ട് |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iv) | (i) | (iii) | (ii) |
| (2) | (ii) | (iii) | (v) | (iv) |
| (3) | (iv) | (iii) | (i) | (ii) |
| (4) | (v) | (iii) | (i) | (iv) |



www.a2zSubjects.com

www.a2zSubjects.com

**17.** ചേരുംപടി ചേർക്കുക.

| **പട്ടിക - I** | **പട്ടിക - II** |
|---|---|
| (a) മലയാളി | (i) ടി.ജെ. പൈലി |
| (b) നസ്രാണിദീപിക | (ii) സി.പി. അച്യുതമേനോൻ |
| (c) വിദ്യാവിനോദിനി | (iii) കെ.പി. കേശവമേനോൻ |
| (d) മാതൃഭൂമി | (iv) കണ്ടത്തിൽ വർഗീസ് മാപ്പിള |
| | (v) പേട്ടയിൽ രാമൻപിള്ള |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iii) | (i) | (ii) | (iv) |
| (2) | (i) | (iv) | (ii) | (iii) |
| (3) | (ii) | (i) | (iv) | (iii) |
| (4) | (v) | (i) | (ii) | (iii) |

**18.** ചേരുംപടി ചേർക്കുക.

| **പട്ടിക - I** | **പട്ടിക - II** |
|---|---|
| (a) സൂര്യഗീതം | (i) അയ്യപ്പപ്പണിക്കർ |
| (b) മരത്തിനു സ്തുതി | (ii) വീരാൻകുട്ടി |
| (c) ജലഭൂപടം | (iii) സുഗതകുമാരി |
| (d) കാടെവിടെ മക്കളേ | (iv) ഒ.എൻ.വി.കുറുപ്പ് |
| | (v) പി.പി.രാമചന്ദ്രൻ |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iv) | (v) | (iii) | (i) |
| (2) | (iv) | (iii) | (ii) | (i) |
| (3) | (iv) | (ii) | (v) | (iii) |
| (4) | (i) | (iii) | (ii) | (iv) |

**19.** ചേരുംപടി ചേർക്കുക.

| **പട്ടിക - I** | **പട്ടിക - II** |
|---|---|
| (a) കുന്ദൻ | (i) ഉഷ്ണമേഖല |
| (b) ശിവൻകുട്ടി | (ii) കാലം |
| (c) സേതു | (iii) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ |
| (d) ദാസൻ | (iv) സ്മാരകശിലകൾ |
| | (v) മരുഭൂമികൾ ഉണ്ടാകുന്നത് |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (v) | (ii) | (i) | (iii) |
| (2) | (v) | (i) | (ii) | (iii) |
| (3) | (iv) | (i) | (iii) | (v) |
| (4) | (i) | (iv) | (ii) | (iii) |



www.a2zSubjects.com

www.a2zSubjects.com

20. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | എസ്.എൻ.ഡി.പി.യോഗവും ആശാനും | (i) | അച്ഛനും മകളും |
| (b) | കേരളപാണിനി | (ii) | ഭക്തിദീപിക |
| (c) | കാശ്യപാശ്രമം | (iii) | പ്രരോദനം |
| (d) | വേടക്കിടാത്തൻ | (iv) | ഗ്രാമവൃക്ഷത്തിലെ കുയിൽ |
| | | (v) | പിംഗള |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iv) | (iii) | (v) | (ii) |
| (2) | (iii) | (i) | (ii) | (iv) |
| (3) | (iv) | (iii) | (i) | (ii) |
| (4) | (iii) | (ii) | (i) | (iv) |

21. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | തല്പം | (i) | എസ്. ഹരീഷ് |
| (b) | ലീല | (ii) | പി.വി. ഷാജികുമാർ |
| (c) | ആദം | (iii) | ആർ. ഉണ്ണി |
| (d) | കിടപ്പറസമരം | (iv) | സുഭാഷ് ചന്ദ്രൻ |
| | | (v) | സന്തോഷ് എച്ചിക്കാനം |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (i) | (iv) | (ii) | (iii) |
| (2) | (iv) | (iii) | (i) | (ii) |
| (3) | (iv) | (iii) | (i) | (v) |
| (4) | (iii) | (i) | (iv) | (ii) |

22. കുഞ്ഞുണ്ണി മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ബാലപംക്തി കൈകാര്യം ചെയ്തിരുന്നത് ഏത് പേരിലാണ് ?

(1) കുഞ്ഞുണ്ണിരാജൻ (2) കുഞ്ഞേട്ടൻ
(3) കുട്ടേട്ടൻ (4) ശങ്കരച്ചേട്ടൻ

23. കെ.ജി. ശങ്കരപ്പിള്ളയുടെ കവിതകൾ മാത്രം ഉൾപ്പെടുന്ന ഗണം :

(1) ബംഗാൾ, മേഘരൂപൻ, ഗൗളിവാൽ
(2) കഷണ്ടി, ബംഗാൾ, കൊച്ചിയിലെ വൃക്ഷങ്ങൾ
(3) അവൻ ഞാനല്ലോ, കണ്ണാടി ജനൽ, അർക്കം
(4) കൊച്ചിയിലെ വൃക്ഷങ്ങൾ, ബംഗാൾ, ജീവിതമെന്ന ബോറ്

24. കിരാതശോഭയാർന്ന നടരാജനൃത്തം -എന്ന് കടമ്മനിട്ടക്കവിതയെ വിശേഷിപ്പിച്ച നിരൂപകൻ:

(1) കെ.പി. അപ്പൻ (2) കെ.എസ്. രവികുമാർ
(3) നരേന്ദ്രപ്രസാദ് (4) വി. രാജകൃഷ്ണൻ



www.a2zSubjects.com

www.a2zSubjects.com

25. ചേരുംപടി ചേർക്കുക.

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | കനം | (i) | എസ്. ജോസഫ് |
| (b) | ഇടശ്ശേരിപ്പാലം | (ii) | മോഹനകൃഷ്ണൻ കാലടി |
| (c) | മീൻകാരൻ | (iii) | റഫീഖ് അഹമ്മദ് |
| (d) | പന്തു കായ്ക്കുന്ന കുന്ന് | (iv) | പി.പി. രാമചന്ദ്രൻ |
| | | (v) | പി.രാമൻ |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (v) | (iv) | (i) | (ii) |
| (2) | (v) | (iii) | (i) | (ii) |
| (3) | (iii) | (v) | (ii) | (iv) |
| (4) | (iv) | (v) | (iii) | (i) |

26. ഉത്തരാധുനികതയെ പിൽക്കാല മുതലാളിത്തത്തിന്റെ സാംസ്കാരിക നിയമമായി വിലയിരുത്തിയ ചിന്തകൻ :

(1) ലോത്ത്യാഡ് (2) ബോദ്രിയാർ

(3) റെയ്മണ്ട് വില്യംസ് (4) ഫ്രെഡറിക് ജയിംസൺ

27. ആധുനികാനന്തര കവിതയുടെ താത്പര്യങ്ങൾ :

(a) കലയുടെ സ്ഥാപനവത്കരണത്തെ നിരാകരിക്കുക.

(b) ബഹുജനസംസ്കാരത്തെ അംഗീകരിക്കുക.

(c) വൃത്തരഹിതമായ കവിതയെ പ്രോത്സാഹിപ്പിക്കുക.

(1) 3 പ്രസ്താവങ്ങളും ശരി (2) (b) ഉം (c) ഉം ശരി

(3) (a) ഉം (b) ഉം ശരി (4) 3 പ്രസ്താവങ്ങളും തെറ്റ്

28. 'ശബ്ദങ്ങൾ നോവലാണെങ്കിൽ കൊടുങ്ങല്ലൂർ ഭരണിപ്പാട്ട് ഭഗവത് ഗീതയാണ്' എന്നു പറഞ്ഞത് :

(1) പുത്തേഴത്ത് രാമൻ മേനോൻ (2) സുകുമാർ അഴീക്കോട്

(3) എം. കൃഷ്ണൻ നായർ (4) എസ്. ഗുപ്തൻ നായർ



www.a2zSubjects.com

www.a2zSubjects.com

**29.** ചേരുംപടി ചേർക്കുക.

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | കൊച്ചരേത്തി | (i) | സാറാ ജോസഫ് |
| (b) | ഒതപ്പ് | (ii) | ഇ. സന്തോഷ്കുമാർ |
| (c) | ബർസ | (iii) | ഇന്ദുമേനോൻ |
| (d) | അന്ധകാരനഴി | (iv) | ഖദീജ മുംതാസ് |
| | | (v) | നാരായൻ |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (v) | (i) | (iii) | (ii) |
| (2) | (v) | (i) | (iv) | (ii) |
| (3) | (iv) | (i) | (v) | (ii) |
| (4) | (i) | (iv) | (ii) | (iii) |

**30.** ചേരുംപടി ചേർക്കുക.

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | മൈമുന | (i) | മയ്യഴിപ്പുഴയുടെ നീരങ്ങളിൽ |
| (b) | വിമല | (ii) | ചെമ്മീൻ |
| (c) | പഞ്ചമി | (iii) | മഞ്ഞ് |
| (d) | ചന്ദ്രിക | (iv) | ഖസാക്കിന്റെ ഇതിഹാസം |
| | | (v) | സുന്ദരികളും സുന്ദരന്മാരും |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iv) | (iii) | (ii) | (i) |
| (2) | (iv) | (iii) | (v) | (i) |
| (3) | (v) | (i) | (ii) | (iii) |
| (4) | (v) | (iv) | (i) | (iii) |

**31.** കാലക്രമത്തിൽ ശരിയായ ഗണമേത് ?

(a) ഇന്ദുമതീ സ്വയം വരം

(b) മാർത്താണ്ഡവർമ്മ

(c) സരസ്വതീവിജയം

(d) അക്ബർ

(1) (b), (a), (c), (d)

(2) (c), (a), (b), (d)

(3) (a), (b), (c), (d)

(4) (d), (a), (b), (c)



www.a2zSubjects.com

www.a2zSubjects.com

**32.** ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | എന്റെ ഗന്ധർവ്വസ്നേഹിതൻ | (i) | സി.എസ്. ഗോപാലപ്പണിക്കർ |
| (b) | ഒരു മുതലനായാട്ട് | (ii) | ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ |
| (c) | ഉളിപിടിച്ച കൈ. | (iii) | അമ്പാടി നാരായണപ്പൊതുവാൾ |
| (d) | കല്യാണിക്കുട്ടി | (iv) | ഇ.വി. കൃഷ്ണപിള്ള |
| | | (v) | വേങ്ങയിൽ കുഞ്ഞിരാമൻ നായർ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iii) | (i) | (ii) | (iv) |
| (2) | (iv) | (i) | (iii) | (ii) |
| (3) | (iv) | (i) | (v) | (iii) |
| (4) | (ii) | (v) | (iii) | (iv) |

**33.** ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | ഹിഗ്വിറ്റ | (i) | മാധവിക്കുട്ടി |
| (b) | കർക്കിടകം | (ii) | സക്കറിയ |
| (c) | നെയ്പായസം | (iii) | എൻ.എസ്. മാധവൻ |
| (d) | കോട്ടയത്ത് എത്ര മത്തായിമാരുണ്ട് | (iv) | എം.ടി.വാസുദേവൻ നായർ |
| | | (v) | ജോൺ എബ്രഹാം |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iii) | (iv) | (i) | (v) |
| (2) | (iii) | (i) | (iv) | (v) |
| (3) | (iii) | (iv) | (i) | (ii) |
| (4) | (iii) | (i) | (ii) | (v) |

**34.** "ഈ കഥയുടെ ഗുണപാഠം നേരത്തേ അങ്ങു പറഞ്ഞേക്കാം" എന്ന് ആരംഭിക്കുന്ന ബഷീർ കൃതി :

(1) സ്ഥലത്തെ പ്രധാനദിവ്യൻ (2) മുച്ചീട്ടുകളിക്കാരന്റെ മകൾ

(3) ആനവാരിയും പൊൻകുരിശും (4) പ്രേമലേഖനം

**35.** 'എന്ന് നിന്റെ മൊയ്തീൻ' എന്ന സിനിമയ്ക്ക് ആധാരമായ പ്രണയകഥയിലെ നായകനെ കഥാപാത്രമാക്കി ആദ്യം കഥയെഴുതിയ കഥാകൃത്ത് :

(1) പട്ടത്തുവിള കരുണാകരൻ (2) എം.ടി. വാസുദേവൻ നായർ

(3) എൻ. മോഹനൻ (4) എൻ.പി. മുഹമ്മദ്



www.a2zSubjects.com

www.a2zSubjects.com

36. ചേരുംപടി ചേർക്കുക.

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | സരോജം | (i) | പുതിയ ആകാശം പുതിയ ഭൂമി |
| (b) | ഗോപാലൻ | (ii) | മുടിയനായ പുത്രൻ |
| (c) | എൻജിനീയർ | (iii) | മൂലധനം |
| (d) | രാജൻ | (iv) | അശ്വമേധം |
| | | (v) | നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (v) | (iv) | (i) | (ii) |
| (2) | (iii) | (v) | (i) | (ii) |
| (3) | (ii) | (v) | (i) | (iv) |
| (4) | (iii) | (v) | (ii) | (i) |

37. **കാര്യം :** മുൻഷി രാമക്കുറുപ്പ് ചക്കീചങ്കരമെഴുതിയതു കൊണ്ടാണ് അപ്രഗത്ഭരുടെയും അസംസ്കൃതമതികളുടെയും കൂത്തരങ്ങ് എന്നു വിശേഷിപ്പിക്കപ്പെട്ട അക്കാലത്തെ നാടകരംഗം ശുദ്ധമായിത്തീർന്നത്.

**കാരണം :** (a) അർത്ഥപൂർണമായ നാടകത്തോടുള്ള താല്പര്യത്തേക്കാളധികം കഥകളിയോടുള്ള കമ്പമാണ് നാടകക്കാരെ തല്ലിയോടിക്കാൻ മുൻഷിയെ പ്രേരിപ്പിച്ചത്.

(b) ചക്കീചങ്കരത്തിന് ഒരു ചികിത്സയുടെ ശക്തിയുണ്ടായിരുന്നു.

(1) കാര്യം ശരി, കാരണം (b) ശരി

(2) കാര്യം ശരി, കാരണം (a) ശരി

(3) കാര്യം തെറ്റ്, കാരണം (a) ഉം (b) ഉം ശരി

(4) കാര്യം ഭാഗികമായി ശരി, കാരണം (a) മാത്രം ശരി

38. തനതു നാടകവേദിക്കു കാരണമായ ആഥന്റിക് നാടക സങ്കല്പം ആദ്യം അവതരിപ്പിച്ചത് :

(1) വയലാ വാസുദേവൻ പിള്ള
(2) ജി. ശങ്കരപ്പിള്ള
(3) എം. ഗോവിന്ദൻ
(4) സി.എൻ. ശ്രീകണ്ഠൻ നായർ

39. ചേരുംപടി ചേർക്കുക.

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | സിനിമയും സാഹിത്യവും | (i) | തോട്ടം രാജശേഖരൻ |
| (b) | സിനിമയുടെ ലോകം | (ii) | വി.കെ. ജോസഫ് |
| (c) | സിനിമയും പ്രത്യയശാസ്ത്രവും | (iii) | അടൂർ ഗോപാലകൃഷ്ണൻ |
| (d) | സിനിമ : സത്യവും മിഥ്യയും | (iv) | ആർ.വി.എം. ദിവാകരൻ |
| | | (v) | മധു ഇറവങ്കര |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (v) | (iii) | (iv) | (ii) |
| (2) | (ii) | (i) | (iv) | (v) |
| (3) | (iii) | (iv) | (i) | (ii) |
| (4) | (v) | (iii) | (ii) | (i) |



www.a2zSubjects.com

www.a2zSubjects.com

40. ചേരുംപടി ചേർക്കുക.

| | പട്ടിക - I | | പട്ടിക - II |
|---|---|---|---|
| (a) | സഞ്ചാരിയുടെ വീട് | (i) | ആർ.വി.എം. ദിവാകരൻ |
| (b) | സിനിമയും പ്രത്യയശാസ്ത്രവും | (ii) | എൻ.പി.സജീഷ് |
| (c) | കഥയും തിരക്കഥയും | (iii) | ഐ.ഷൺമുഖദാസ് |
| (d) | തിരമലായളത്തിന്റെ അവസ്ഥാന്തരങ്ങൾ | (iv) | വി.കെ. ജോസഫ് |
| | | (v) | മധു ഇറവങ്കര |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (i) | (ii) | (v) | (iv) |
| (2) | (iii) | (iv) | (i) | (ii) |
| (3) | (ii) | (iv) | (v) | (iii) |
| (4) | (iii) | (iv) | (ii) | (i) |

41. **കാര്യം** : യാഥാസ്ഥിതികതയിൽ വേരുന്നിയ സാമ്പ്രദായിക വിമർശന രീതികളോട് കേസരി ആഭിമുഖ്യം പുലർത്തിയില്ല.

**കാരണം** : (a) വിശ്വസാഹിത്യത്തിലെ നവപ്രവണതകൾ മലയാളിയ്ക്ക് പരിചയപ്പെടുത്തുക എന്നത് കേസരിയുടെ ഒരു ദൗത്യമായിരുന്നു.

(b) സാഹിത്യത്തിന്റെ ആശയത്തികവിലും കാഴ്ചപ്പാടിലും കേസരി അതീവശ്രദ്ധ പുലർത്തി.

(c) പൗരസ്ത്യസാഹിത്യസങ്കല്പങ്ങളോട് കേസരിയ്ക്ക് താൽപര്യമില്ലായിരുന്നു.

(1) കാര്യം ശരി, കാരണം (a) ഉം (b) ഉം ശരി
(2) കാര്യം ഭാഗികമായി മാത്രം ശരി, കാരണം (c) ശരി
(3) കാര്യം ശരി, കാരണം (b) ഉം (c) ഉം ശരി
(4) കാര്യം ശരി, കാരണം (a) മാത്രം ശരി

42. കാളിദാസകാവ്യങ്ങളെപ്പറ്റി എം.പി.ശങ്കുണ്ണിനായർ രചിച്ച വിമർശന ഗ്രന്ഥം :

(1) കാവ്യവ്യുത്പത്തി
(2) കത്തുന്ന രഥചക്രം
(3) ഛത്രവും ചാമരവും
(4) കാളിദാസഹൃദയം തേടി

43. ജീവചരിത്രനിരൂപണത്തിന്റെ രീതി മലയാളത്തിൽ പ്രയോഗക്ഷമമാക്കിയ നിരൂപകൻ :

(1) ഡോ. കെ. ഭാസ്കരൻ നായർ
(2) എം.പി. ശങ്കുണ്ണി നായർ
(3) ജോർജ് ഇരുമ്പയം
(4) പി.കെ. ബാലകൃഷ്ണൻ

44. യാത്രാവിവരണ ഗ്രന്ഥം.

(1) വാരാണസി
(2) ആവിലായിലെ സൂര്യോദയം
(3) അകലങ്ങളിലെ മനുഷ്യർ
(4) സലാം അമേരിക്ക



www.a2zSubjects.com

www.a2zSubjects.com

**45.** **കാര്യം :** വിഖ്യാതമായ അരിസ്റ്റോട്ടിലിയൻ മോഡലിന്റെ പ്രത്യക്ഷ നിരാസമായിരുന്നു ആധുനികത.

**കാരണം :** (a) ആധുനികകലയും സാഹിത്യവും ഭൗതികലോകത്തിന്റെയും മനുഷ്യ സ്വഭാവത്തിന്റെയും 'പ്രതിനിധാന' സിദ്ധാന്തത്തിൽ വിശ്വസിച്ചില്ല.

(b) ഭാഷാ കേന്ദ്രിത വാദത്തെയും യുക്തിവാദത്തെയും വ്യക്തിമാഹാത്മ്യ വാദത്തെയും ആധുനികത അംഗീകരിച്ചില്ല.

(1) കാര്യം തെറ്റ്, കാരണങ്ങളും തെറ്റ്
(2) കാര്യം ശരി, കാരണം (a) മാത്രം ശരി
(3) കാര്യം ശരി, കാരണം (b) മാത്രം ശരി
(4) കാര്യം ശരി, കാരണം (a) ഉം (b) ഉം ശരി

**താഴെ കൊടുത്തിരിക്കുന്ന ഉപന്യാസ ഭാഗം വായിച്ച് തുടർന്നു വരുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.**

സി.വി. രാമൻ പിള്ളയുടെ നോവലുകൾ വീണ്ടും വീണ്ടും വായിക്കാൻ ആഗ്രഹമുദിക്കുന്നത് എന്തുകൊണ്ടെന്നു സ്വന്തം അന്തരംഗത്തോടു സഹൃദയൻ ചോദിക്കുമ്പോഴാണ് ആനന്ദസ്വരൂപത്വമെന്ന രസതത്ത്വം വ്യക്തമായിത്തീരുന്നത്.[1] മാർത്താണ്ഡവർമ്മ, ധർമ്മരാജാ, രാമരാജാബഹദൂർ എന്നീ ആഖ്യായികകൾ സഹൃദയന്മാരെ അസാധാരണമാംവിധം ആനന്ദിപ്പിക്കുന്നു. സി.വി. എന്ന പേര് കേൾക്കുന്ന മാത്രയിൽത്തന്നെ ഈ നോവലുകൾ മനോമുകുരത്തിൽ ഓടിയെത്തുന്നത് അതുകൊണ്ടാണ്. കാവ്യമേതിനെയും അനശ്വരമാക്കിത്തീർക്കുന്നത് ആനന്ദാനുഭവമാകുന്നു. "കാവ്യത്തിന്റെ ആത്മാവ് രസധ്വനിതന്നെയാണ് എന്നും അതാണല്ലോ പണ്ട് ക്രൗഞ്ചമിഥുനത്തിനു സംഭവിച്ച വേർപാടുമൂലം ആദ്യകവിയുടെ ഹൃദയത്തിലുളവായ ശോകം ശ്ലോകമായി തീർന്നത്"[2] എന്നും ആനന്ദവർദ്ധനൻ പറഞ്ഞു വച്ചിട്ടുള്ളത് ഓർമ്മിച്ചുകൊള്ളണം. 'പ്രേമാമൃതം' എന്ന നോവൽ ശ്രദ്ധിക്കപ്പെടാതെ പോയതിനു കാരണമന്വേഷിക്കുമ്പോൾ ഇതു കൂടുതൽ സ്പഷ്ടമായിത്തീരും. സി.വി.യുടെ ചരിത്രാഖ്യായികകൾക്കുള്ള ആഹ്ലാദകത്വമികവ് പ്രേമാമൃതത്തിനു കൈവരാതെപോയി. മറ്റെന്തൊക്കെ മേന്മകൾ അവകാശപ്പെടാൻ കഴിഞ്ഞെന്നിരുന്നാലും കാവ്യത്തെ സർവ്വഥാ കാവ്യമാക്കിത്തീർക്കുന്ന ആത്മതത്ത്വം ആനന്ദാനുഭവമല്ലാതെ മറ്റൊന്നുമല്ല. അതിനു സാക്ഷി സഹൃദയന്റെ അനുഭവം തന്നെയാകയാൽ മറ്റൊരു തെളിവ് ആവശ്യമായി വരുന്നില്ല. കാവ്യചർവണ ആരംഭിക്കുന്ന മാത്രയിൽത്തന്നെ ആനന്ദാനുഭവം സമാരംഭിക്കുകയും കാവ്യപാരായണം പൂർത്തിയാകുവോളം അഖണ്ഡമായി നിലനില്ക്കുകയും ചെയ്യുന്നു. രസമുണ്ടെങ്കിൽ കാവ്യനാടകാദികളുണ്ട്. രസമില്ലെങ്കിൽ അവയൊന്നുമില്ല എന്നതാണു സത്യം.[3]

ഒരു സിദ്ധാന്തമെന്ന നിലയിൽ രസത്തെപ്പറ്റി നാം ആദ്യമായി കേൾക്കുന്നത് ഭരതമുനിയുടെ 'നാട്യശാസ്ത്ര'ത്തിലാണ്. അദ്ദേഹത്തിന്റെ മുഖ്യസിദ്ധാന്തം രസംതന്നെയാകുന്നു. രസതത്ത്വം വിശദീകരിക്കാൻ രസവികല്പമെന്ന പേരിൽ ഒരദ്ധ്യായംതന്നെ അദ്ദേഹം നീക്കിവച്ചിട്ടുണ്ട്. യാഥാർത്ഥ്യമാലോചിച്ചാൽ നാട്യശാസ്ത്രത്തിലെ എല്ലാ അദ്ധ്യായങ്ങളും ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ രസത്തെത്തന്നെയാണു ചർച്ചചെയ്തിരിക്കുന്നത്. എങ്കിലും രസസങ്കല്പത്തിന്റെ ഉത്പത്തിക്ക് നാട്യശാസ്ത്രത്തെക്കാൾ പഴക്കമുണ്ട്. വേദങ്ങളിലാണ് രസത്തെപ്പറ്റിയുള്ള ആദ്യപരാമർശങ്ങളും വിശദപഠനങ്ങളും ഉള്ളത്. ലോകത്തിന്റെ



www.a2zSubjects.com

www.a2zSubjects.com

ഉത്പത്തിക്കും നിലനില്പിനും ലയത്തിനുമാധാരമായി കുടികൊള്ളുന്ന സച്ചിദാനന്ദമാണ് രസമെന്ന് വേദങ്ങൾ പഠിപ്പിക്കുന്നു. യജുർവേദത്തിലന്തർഭവിച്ച തൈത്തിരീയോപനിഷത്ത് അവൻ രസംതന്നെയാകുന്നു[4] എന്നു പ്രഖ്യാപിക്കുന്നുമുണ്ട്. പ്രസ്തുത രസം ലഭിക്കുമ്പോഴാണ് ആരും ആനന്ദിക്കുന്നവരായിത്തീരുന്നത്. ജഡചേതനമയമായ ഈ ലോകമുണ്ടാകുന്നത് രസത്തിലാണ്. അതിനാൽ രസമയമാണ് ഈ പ്രപഞ്ചം. എങ്കിലും മനുഷ്യമനസ്സിന് അപ്രാപ്യമാംവിധം അതു പ്രപഞ്ചപദാർത്ഥങ്ങൾക്കുള്ളിൽ മറഞ്ഞിരിക്കുന്നു. ജനനമരണങ്ങളോ രോഗവാർദ്ധക്യങ്ങളോ ഇല്ലാത്ത പ്രപഞ്ചാത്മാവായ രസത്തെ അഥവാ ബ്രഹ്മത്തെ മറനീക്കിക്കാണാനുള്ള ശ്രമമാണ് വിവിധ സാധനകളിലൂടെ യോഗികൾ നിർവഹിക്കുന്നത്. ദൃശ്യമോ ശ്രവ്യമോ ആയ കലകളിലൂടെ സഹൃദയർ ചെയ്യുന്ന പ്രവൃത്തിയും വേറൊന്നല്ല. ബ്രഹ്മാനന്ദസഹോദരമെന്നു പേർകൊണ്ട രസാനുഭവമാണ് അതിന്റെ ഫലം. യോഗികൾ കൈവരിക്കുന്ന ബ്രഹ്മരസാസ്വാദം ശാശ്വതം. എന്നാൽ കലാചർവണയിലൂടെ സഹൃദയൻ നേടുന്നതു താത്കാലികം. ഇത്രേ ഉള്ളൂ അവയ്ക്കു തങ്ങളിൽ ഭേദം. രണ്ടിടത്തും അനുഭവപ്പെടുന്ന ആനന്ദം ഒന്നുതന്നെ എന്നതാണു പരമ പ്രധാനം.

സഹൃദയന്റെ ഹൃദയഗുഹയ്ക്കുള്ളിൽ സദൈവ കുടികൊള്ളുന്ന ബ്രഹ്മരസം ചിത്തത്തെ മലിനമാക്കുന്ന രജസ്തമോഗുണങ്ങളാൽ മറയ്ക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് അത് എപ്പോഴും അനുഭവവേദ്യമായി തീരാത്തത്. മേഘമാലകളകലുമ്പോൾ സൂര്യൻ പ്രത്യക്ഷനാകുംപോലെ രാജസതാമസഗുണങ്ങളാകുന്ന അജ്ഞാനാവരണം നീങ്ങുമ്പോൾ ഉള്ളിലെ രസം അനുഭവവേദ്യമായിത്തീരുന്നു.[5] അഭിവ്യക്തി എന്ന് അഭിനവഗുപ്തൻ പേരിട്ടിരിക്കുന്നത് അതിനാണ്. മറനീക്കിക്കാണലാണ് അഭിവ്യക്തി. കാവ്യനാടകാദികളുടെ ചർവണയാൽ സഹൃദയനിൽ സംഭവിക്കുന്ന ആന്തരപ്രക്രിയയാണത്. കാവ്യചർവണ കഴിയുന്നതോടെ അജ്ഞാനാവരണം പഴയതുപോലെ മൂടിപ്പോകുന്നതിനാൽ രസം മറയ്ക്കപ്പെട്ടുപോവുകയും ചെയ്യുന്നു. രസമെന്നത് അന്യപദാർത്ഥങ്ങളുടെ സംയോഗത്താൽ പുതുതായി നിർമ്മിക്കപ്പെടുന്നതോ പുറമെനിന്നു കൊണ്ടുവരുന്നതോ അല്ലെന്നു വ്യക്തം. കലോപാസനയിലൂടെ അവനവന്റെ ഉള്ളിൽ കണ്ടെത്തുന്ന ആനന്ദതത്ത്വമാണത്. സ്വന്തം ഉള്ളറകളിലേക്ക് ആവോളമിറങ്ങിച്ചെല്ലാൻ ആസ്വാദകൻ നേടിവച്ചിരിക്കുന്ന സാമർത്ഥ്യം അഥവാ സഹൃദയത്വം പ്രസക്തമായിത്തീരുന്നത് തന്മൂലമാകുന്നു. കാവ്യാനുശീലനവും അഭ്യാസവും മൂലം തെളിവുറ്റ മനോമുകുരത്തിൽ വർണ്ണനീയവസ്തുവുമായി തന്മയീഭവിക്കാനുള്ള യോഗ്യതയെന്നു സഹൃദയത്വത്തെ അഭിനവഗുപ്തൻ വിശദീകരിച്ചിട്ടുണ്ടല്ലോ.

**രസാഭിവ്യഞ്ജകങ്ങൾ**

അജ്ഞാനാവരണം താത്കാലികമായെങ്കിലും നീക്കി രസാസ്വാദം കൈവരിക്കാൻ അവസരമൊരുക്കുന്ന ഉപാധി അഥവാ അഭിവ്യഞ്ജകം മാത്രമാണു കാവ്യനാടകാദികൾ. മനുഷ്യകഥകൾക്കു മാത്രമേ രസാദിവ്യഞ്ജനക്ഷമത കൈവരൂ എന്നതിനാൽ പ്രഖ്യാതകൃതികളിലെല്ലാം നിബന്ധിക്കപ്പെട്ടിരിക്കുന്നത് മാനവചരിതങ്ങൾ മാത്രമായിരിക്കും. മാനവഹൃദയഭാവങ്ങളെ അവലംബമാക്കി മാത്രമേ പക്ഷിമൃഗാദികളെയും വൃക്ഷലതാദികളെയും ജഡപ്രകൃതിയെയും കാവ്യശരീരത്തിൽ പ്രവേശിപ്പിക്കാറുള്ളൂ. അവയെല്ലാം കൂടിച്ചേർന്ന് കഥാപാത്രങ്ങളും രംഗവേദിയുമൊക്കെയായി പരിണമിക്കുന്നു.



www.a2zSubjects.com

www.a2zSubjects.com

മാനവപക്ഷിമൃഗാദികളുടെ ആംഗികവും വാചികവുമായ പ്രവൃത്തികൾകൂടി നിബന്ധിക്കുമ്പോൾ കഥാസംഭവങ്ങളും തദ്വാരാ ഇതിവൃത്തവും രൂപം കൊള്ളും. പ്രപഞ്ചത്തിലുള്ള സകലമാന മനുഷ്യരെയും പക്ഷിമൃഗാദികളെയും അവയുടെ പ്രവൃത്തികളെയും പലകാരണങ്ങളാൽ ഏതൊരു കാവ്യത്തിലും കൈക്കൊള്ളുക സാദ്ധ്യമല്ലാത്തതിനാൽ കാവ്യലക്ഷ്യത്തിനിണങ്ങുംവിധം ശ്രദ്ധാപൂർവ്വമായ തിരഞ്ഞെടുപ്പ് അനിവാര്യമായിത്തീരുന്നു. അങ്ങനെ സ്വീകരിക്കപ്പെട്ടവപോലും ലോകത്തു കാണപ്പെടുന്ന രീതിയിൽ അവതരിപ്പിച്ചാൽ കാവ്യാസ്വാദം നഷ്ടമായിത്തീരുമെന്ന് ഉറപ്പാണ്. അതിനാൽ രസോചിതമായ പരിഷ്കരണവും അനുപേക്ഷണീയമായിത്തീരുന്നു. പ്രസ്തുത പരിഷ്കരണങ്ങളാണ് വിഭാവാനുഭാവപദവിയിലേക്ക് അവയെ ഉയർത്തുന്നത്. വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളിൽനിന്ന് കഥാപാത്രങ്ങളുടെ സ്വരൂപവും പ്രവൃത്തിയും പലപ്പോഴും മാറിപ്പോകാൻ അതു കാരണമായിത്തീരുന്നു. രസനിഷ്ഠയാഥാർത്ഥ്യങ്ങളായിരിക്കും പിന്നെ അവയെ ഭരിക്കുക. എഴുത്തുകാരന്റെ സൃഷ്ട്യുന്മുഖപ്രതിഭയും ഔചിത്യബോധവുമാണ് ഇതിനെല്ലാം നിയാമകമായിരിക്കുന്ന തത്ത്വം. രസത്തിന്റെ പരമമായ ഉപനിഷത്ത് ഔചിത്യദീക്ഷയാണെന്നാണല്ലോ ആനന്ദവർദ്ധനന്റെയും അഭിപ്രായം. കഥാപാത്രാദികളുടെ രസോചിതമായ തിരഞ്ഞെടുപ്പിന്റെയും രസോചിതസംസ്കരണത്തിന്റെയും വൈഭവം നേരിട്ട് അനുഭവിക്കാൻ അവസരമൊരുക്കുന്ന അലൗകികപ്രപഞ്ചമാണ് സി.വി.യുടെ ചരിത്രനോവലുകൾ.

നാടകാദികൾ അരങ്ങത്ത് അവതരിപ്പിക്കുമ്പോൾ നാട്യസാഹിത്യത്തെ സഹൃദയനു മുന്നിലെത്തിക്കാൻ സംവിധായകനും അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കുന്ന നടീനടന്മാരും അണിയറക്കാരുമുണ്ട്. അവരുടെ കൂട്ടായ പരിശ്രമത്താൽ ആഹാര്യാഭിനയത്തിലൂടെ കഥാപാത്രങ്ങളും സ്ഥലകാലാദികളുമാകുന്ന വിഭാവങ്ങളുളവാകുന്നു. കൂടിയാട്ടം, കഥകളി തുടങ്ങിയ പാരമ്പര്യനാടകവേദിയിൽ സ്ഥലകാലങ്ങളെയും രംഗപദാർത്ഥങ്ങളെയുമെല്ലാം നിർമ്മിക്കുന്നത് ആഹാര്യാഭിനയംകൊണ്ടല്ല, മറിച്ച്, നടീനടന്മാരുടെ ആംഗികാഭിനയംകൊണ്ടാണെന്നു ഭേദമുണ്ട്. കഥാപാത്രങ്ങളായി അരങ്ങത്തെത്തുന്ന നടീനടന്മാരുടെ ആംഗികവാചികസാത്വികാഭിനയങ്ങളാൽ അനുഭാവങ്ങൾ ആവിഷ്കരിക്കപ്പെടുന്നു. നാടകാദികളുടെ രംഗപ്രയോഗത്തിൽ ആംഗികം, വാചികം, ആഹാര്യം, സാത്വികം എന്ന് അഭിനയം നാലുണ്ടെന്ന്[6] നാട്യശാസ്ത്രം വ്യക്തമാക്കിയിരിക്കുന്നത് അതിനാലാണ്. വായിച്ച് ആസ്വദിക്കാനുള്ള കവിത, ചെറുകഥ, നോവൽ തുടങ്ങിയവയിലും ഇപ്പറഞ്ഞ വിഭാവാനുഭാവങ്ങൾതന്നെയാണ് നിബന്ധിക്കപ്പെടുന്നത്. പക്ഷേ അവയുടെ മാദ്ധ്യമം നടീനടന്മാരോ രംഗസജ്ജീകരണങ്ങളോ അല്ല, മറിച്ച്, ശബ്ദാർത്ഥസ്വരൂപമായ ഭാഷ മാത്രമാകുന്നു. എഴുത്തുകാരന്റെ വാഗ്വൈഭവത്തെ ആശ്രയിച്ചാണ് അവിടെ വ്യഞ്ജകങ്ങൾ ഫലപ്രാപ്തിയിലെത്തുന്നത്. നാട്യത്തിലായാലും കാവ്യത്തിലായാലും വിഭാവാനുഭാവങ്ങൾ ചേർന്നു വ്യഭിചാരിഭാവങ്ങളെ വ്യഞ്ജിപ്പിക്കുന്നു. അവ മുപ്പത്തിമൂന്നെണ്ണമാണെന്ന് നാട്യശാസ്ത്രത്തിൽ നിന്നു ഗ്രഹിക്കാം. അവയെ അഭിനയിച്ചു ഫലിപ്പിക്കേണ്ട പ്രകാരവും ഭരതമുനി വിശദീകരിച്ചിട്ടുണ്ട്. സ്ഥായിഭാവങ്ങളും സന്ദർഭോചിതമായി വ്യഭിചാരിയായി-ത്തീരാം. രതി, ഹാസം, ശോകം, ക്രോധം, ഉത്സാഹം, ഭയം, ജുഗുപ്സ, വിസ്മയം എന്നു ഭരതപക്ഷത്തിൽ സ്ഥായി എട്ടേ ഉള്ളൂ. എന്നാൽ പില്ക്കാലത്തുള്ളവർ ശമം അല്ലെങ്കിൽ



www.a2zSubjects.com

www.a2zSubjects.com

നിർവേദം എന്ന് ഒൻപതാമതൊരു സ്ഥായിഭാവം കൂടി അംഗീകരിച്ചിരിക്കുന്നു. വിഭാവാനുഭാവവ്യഭിചാരികളുടെ സംയോഗമാണ് നാട്യാത്മാവും കാവ്യാത്മാവുമായ രസത്തെ അഭിവ്യക്തമാക്കുന്നത്.[7] ഭരതമുനിയുടെ പ്രഖ്യാതമായ രസസൂത്രവും അഭിനവഗുപ്തൻ അതിനെഴുതിയ വ്യാഖ്യാനവും ആനന്ദവർദ്ധനന്റെ ധ്വനിസിദ്ധാന്തവും കുന്തകന്റെ വക്രോക്തിപദ്ധതിയും ഇതിന്റെ പ്രക്രിയ വിശദീകരിക്കുന്നതിൽ കൈകോർത്തു നിൽക്കുന്നു.

**46.** **കാര്യം** : രസസങ്കല്പത്തിന്റെ ഉല്പത്തിയ്ക്ക് നാട്യശാസ്ത്രത്തേക്കാൾ പഴക്കമുണ്ട്.

**കാരണം** : (a) ഭരതനുമുമ്പുള്ള ആങ്കിയനാടകങ്ങളിലും 'മഹാനാടകങ്ങളിലും രസചർച്ചയുണ്ട്.'

(b) വേദങ്ങളിൽ രസസങ്കല്പനമുണ്ട്

(c) തൈത്തിരിയോപനിഷത്തിലും രസപരാമർശമുണ്ട്

(1) കാര്യം ശരി, കാരണം (a) ശരി

(2) കാര്യം ശരി, കാരണം (b) ഉം (c) ഉം ശരി

(3) കാര്യം തെറ്റ്, കാരണം മൂന്നും തെറ്റ്

(4) കാര്യം ശരി, കാരണം (a) ഉം (b) ഉം ശരി

**47.** കാവ്യനാടകാദികൾ.

(1) വർണനാസാമർത്ഥ്യം പ്രകടിപ്പിക്കാനുള്ള ഉപാധികൾ

(2) രസാസ്വാദം കൈവരിക്കാൻ അവസരമൊരുക്കുന്ന ഉപാധികൾ

(3) മാനവ കഥാവതരണങ്ങൾ

(4) സഹൃദയന് ലോകവ്യവഹാരപരിചയം നൽകുന്ന വസ്തുക്കൾ

**48.** രസത്തിന്റെ പരമമായ ഉപനിഷത്ത്.

(1) ഭാവനാവിലാസം

(2) വിഭാവാനുഭാവങ്ങൾ

(3) ആംഗികവും വായികവുമായ പ്രവൃത്തികൾ

(4) ഔചിത്യദീക്ഷ

**49.** സാഹിത്യത്തിലെ വിഭാവാനുഭാവങ്ങൾ.

(1) ശബ്ദാർത്ഥസ്വരൂപമായ ഭാഷ

(2) ഉക്തിവൈചിത്ര്യങ്ങൾ

(3) വികാരവിചാരങ്ങൾ

(4) സ്ഥലകാലങ്ങൾ

**50.** **കാര്യം** : രസാസ്വാദം സഹൃദയനിൽ സംഭവിക്കുന്ന ആന്തരപ്രക്രിയയാണ്.

**കാരണം** : (a) അന്യപദാർത്ഥങ്ങളുടെ സംയോഗത്താൽ പുതുതായി നിർമ്മിക്കപ്പെടുന്നതോ പുറമേ നിന്നുകൊണ്ടു വരുന്നതോ അല്ല.

(b) രസം പാത്രനിഷ്ഠമാണ്, വസ്തുനിഷ്ഠമല്ല

(c) കാവ്യനാടകാദികളുടെ ചർവ്വണയിലൂടെ ഉള്ളിലെ രസം അഭിവ്യക്തമാവുന്നു.

(1) കാര്യം ശരി, കാരണം (c) ശരി

(2) കാര്യം ശരി, കാരണം (a) ഉം (b) ഉം ശരി

(3) കാര്യം ശരി, കാരണം (a) മാത്രം ശരി

(4) കാര്യം ശരി, കാരണം (a) ഉം (c) ഉം ശരി

- o 0 o -



www.a2zSubjects.com

www.a2zSubjects.com

**Space For Rough Work**



www.a2zSubjects.com